GOV. OF KERALA
Directorate of General Education


HIGHER SECONDARY
## NATIONAL SERVICE SCHEME

PROGRAMMES- 2022-23

# HANDBOOK FOR PRINCIPALS& PROGRAMME OFFICERS

*Prepared by*

Dr. Jacob John
State Programme Co-ordinator
NSS Cell
Higher secondary NSS
Directorate of General Education



97/DGE/HSE/NSS/2022

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com
തീയതി : 22.09.2022

# സർക്കുലർ

**വിഷയം : ആക്ഷൻ പ്ലാൻ & ഹാൻഡ്ബുക്ക് 2022-23**

2022-23 അദ്ധ്യയന വർഷത്തെ എൻ.എസ്.എസ്. പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് 2022-23 വർഷത്തെ ഹയർസെക്കന്ററി എൻ.എസ്.എസ്. ഉപദേശകസമിതി അംഗീകരിച്ച ആക്ഷൻപ്ലാനും എൻ.എസ്.എസ്. സംവിധാനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന കൈപ്പുസ്തകവും പ്രസിദ്ധീകരിക്കുന്നു. പ്രോഗ്രാം ഓഫീസർ, രക്ഷാകർത്താക്കൾ, അദ്ധ്യാപകർ എന്നിവർക്ക് എൻ.എസ്.എസ്. സംവിധാനത്തെക്കുറിച്ച് മനസ്സിലാക്കുവാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാനും ആവശ്യമായ പിന്തുണ നൽകുവാനും ടി കൈപുസ്തകം ഉപയോഗപ്പെടുത്താവുന്നതാണ്.

പ്രോഗ്രാം കോ-ഓർഡിനേറ്റർ

GOVT. OF KERALA

# NATIONAL SERVICE SCHEME

## HIGHER SECONDARY EDUCATION, KERALA

# PROGRAMMES - 2022-23

## HANDBOOK FOR PRINICPALS &

## PROGRAMME OFFICERS

*Prepared by*

**Dr. Jacob John**
State Programme Co-Ordinator
NSS Cell
Higher Secondary NSS
Directorate of General Education

# INDEX


| Sl.No. | Particulars | Page No. |
|---|---|---|
| 01. | Introduction | 3 |
| 02. | Unit Details | 6 |
| 03. | Action Plan 2022-23 | 8 |
| 04. | Enrolment | 14 |
| 05. | Self Financing Units | 16 |
| 06. | NSS Activities | 16 |
| 07. | NSS Organisational +2 Level | 17 |
| 08. | Reporting | 18 |
| 09. | Monitoring | 18 |
| 10. | Volunteer School Change | 19 |
| 11. | Programme Officer | 19 |
| 12. | Conclusion | 20 |

# I INTRODUCTION

National Service Scheme is the largest student Youth organization launched by the Govt. of India in the Birth Century year of Mahatma Gandhi. It gives a lot of exposure to the Volunteers by the way of participating in social service. It gives a sense of involvement in the tasks of National Development.

NSS provides platform for leadership practice, life – skill acquisition etc and help the volunteers learn how to live among others. Thus experience in NSS leads to construction of knowledge in the mind of the volunteer and helps to bring about positive change in social perspective, creative thinking and positive attitude making them self reliant, self confident and self respecting. Thus its programmes offer practical experience for personality development and character building emphasizing the emotional quotient of the Youth learner.

Directorate of Higher Secondary Education has1396 NSS units with a volunteer strength of 139600 spread across the State. Each volunteer performs 240 hours of social service in two years and attends a Special Camp of 7 days duration. They convene meeting, attend conference, participate National Integration camps and organize them.

Students at Higher Secondary level show great enthusiasm to join National Service Scheme. NSS Cell of the Director of General Education waits for further volunteer ship allocation from State/Central Government.

## History of National Service Scheme

In India, the idea of involving students in the task of national service dates back to the times of Mahatma Gandhi, the father of the nation. The central theme which he tried to impress upon his student audience time and again was that they should always keep before them, their social responsibility.

The University Grants Commission headed by Dr.S.Radhakrishnan recommended introduction of national service in the academic institutions on a voluntary basis with a view to developing healthy contacts between the students and teachers on the one hand and establishing a constructive linkage between the campus and the community on the other hand.

The idea was again considered by the Central Advisory Board of Education (CABE) at its meeting held in January, 1950. The Board recommended that students should devote some time to manual work on a voluntary basis and that the teachers should also associate with them in such work.

In 1958, the then Prime Minister Pandit Jawaharlal Nehru in his letter to the Chief Ministers mooted the idea of having social service as a prerequisite for graduation. He further directed the Ministry of Education to formulate a suitable scheme for introduction of national service into the academic institutions.

In 1959, a draft outline of the scheme was placed before the Education Minister's Conference.. The Conference suggested the appointment of a committee to work out details of the proposed pilot project. In pursuance of these recommendations, a National Service Committee was appointed under the Chairmanship of Dr. C.D. Deshmukh on August 28, 1959 to make concrete suggestions in this direction. The committee recommended that national service for a period of nine months to a year may be made compulsory for all students completing high school education and intending to enroll themselves in a college or a university. The scheme was to include some military training, social service, manual labour and general education.

In 1960, at the instance of the Government of India, Prof. K.G. Saiyidain studied national service by students implemented in several countries of the world and submitted his report under the title "National Service for the Youth. It was also recommended that social service camps should be open to students as well as non-students within the prescribed age group for better inter-relationship.

The Education Commission headed by Dr. D.S. Kothari (1964-66) recommended that students at all stages of education should be associated with some form of social service.

In April 1967 and they recommended that at the university stage, students could be permitted to join the National Cadet Corps (NCC) which was already in existence on a voluntary basis and an alternative to this could be offered to them in the form of a new programme called the National Service Scheme (NSS). Promising sportsmen, however, should be exempted from both and allowed to join another scheme calle4d the National Sports Organisation (NSO), in view of the need to give priority to the development of sports and athletics.

The Vice Chancellors' Conference in September, 1969 welcomed this recommendation and suggested that a special committee of Vice Chancellors could be set up to examine this question in detail. In the statement of national policy on education of the Government of India, it was laid down that work experience and national service should be an integral part of education.

On September 24, 1969, the then Union Education Minister Dr. V.K.R.V. Rao, launched the NSS programme in 37 universities **(Including Calicut University)**

covering all States and simultaneously requested the Chief Ministers of States for their cooperation and help.

It was appropriate that the programme was started during the Gandhi Centenary Year as it was Gandhiji who inspired the Indian youth to participate in the movement for Indian independence and the social uplift of the downtrodden masses of our nation.

## History & Growth of National Service Scheme, Higher Secondary Education, Kerala

It was in 1990-91 there was formulated a common structure for the school education throughout the country. Kerala also became the part of 10+2+3 system of school education. As the part of the spread of higher secondary education throughout the state, the Pre-Degree course from colleges de-linked. The de-linking process of the Pre-Degree was completed during 2000-2001. This change was widely accepted by the society at large. From those days onwards Kerala school education found a new destiny and thriving vibration of the teens.

This move was the skelton of formation of National Service Scheme in the Higher Secondary sector. Indeed the formation was milestone from 1992-93 just only being familiar in **20 schools**. Then it was a huge growth and achievement for NSS. From 20 it grew up to 1396 units in the year of 2021-22 respectively.

In 2010, Higher Secondary NSS found tremendous improvement in its path with the expertise advices & permission of Central Government (Advisory Board) on enacting new posts in the NSS Cell as project officer, Documentation Assistant, Office Assistant etc. In addition to this Performance Assessment Committee (PAC) was made into act for each 10 units to supervise their future path by sincerely assessing their previous, present relevant activities.

The Model Residential Schools are run by Scheduled Tribal Department. In order to bring the Scheduled Tribe Students into mainstream National Service Scheme Units started in 8 MRS Schools in the year 2013 on cost sponsored Scheme. This was the key for introducing Self Financing NSS Unit (SFU) to kindle in the History of NSS in Kerala

## 2 UNIT DETAILS

## NATIONAL SERVICE SCHEME

## NUMBER OF NSS UNITS - 2022-23

| District | Number of Schools (Grant in Aid) | Number of Schools (SFU ) | MRS/Others | TOTAL |
|---|---|---|---|---|
| Thiruvananthapuram | 40 | 73 | 1 | |
| Kollam | 47 | 65 | | |
| Pathanamthitta | 24 | 36 | 1 | |
| Alappuzha | 38 | 50 | | |
| Kottayam | 36 | 53 | | |
| Ernakulam | 36 | 75 | | |
| Idukki | 22 | 33 | | |
| Thrissur | 38 | 69 | 1 | |
| Palakkad | 31 | 51 | | |
| Malappuram | 59 | 127 | | |
| Kozhikode | 50 | 99 | | |
| Wayanad | 28 | 21 | 2 | |
| Kannur | 48 | 86 | 1 | |
| Kasaragod | 28 | 26 | 1 | |
| Total | 525 | 873 | 7 | 1396 |

<u>**ADMINISTRATIVE SET UP**</u>




**Programme Co-ordinator**

↓

Regional Programme Convener **(RPC)**

↓

District Programme Convener **(DPC)**

↓

PePerformance Assessment Committee **(PAC)**

↓

Unit Programme Officer 1190

↓

India's first perfect Administration System, Each and every Unit level programme informed through Proper Channel

## III ACTION PLAN 2022-23

### 2022–23 ലെ പ്രവർത്തനപരിപാടികൾ

ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീം പ്രവർത്തനങ്ങൾക്ക് സംസ്ഥാന മൊട്ടാകെ ഐക്യരൂപം നൽകുകയും അതുവഴി കർമ്മപദ്ധതികൾ ചിട്ടയോടും ഫലപ്രദ മായും അയത്നലളിതമായും സമയബന്ധിതമായും നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് 2022–23 വർഷത്തെ കർമ്മപദ്ധതി സംസ്ഥാന ഉപദേശകസമിതിയോഗം തയ്യാ റാക്കി അംഗീകരിച്ചത്. അക്കാദമിക പ്രവർത്തനങ്ങൾക്ക് അനുപൂരകവും കൗമാരവിദ്യാർത്ഥി കളുടെ വ്യക്തിത്വവികസനത്തിന് അനുഗുണവും സർക്കാർ പദ്ധതികളോട് ചേർന്നുനിൽക്കു ന്നതുമായ തരത്തിലാണ് കർമ്മപദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയത്. പ്രാദേശിക വ്യതിയാനങ്ങൾക്കനുസരിച്ച് അഭികാമ്യമായ തനതുപരിപാടികൾക്കുള്ള ഇടവും കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം കേന്ദ്രസംസ്ഥാന സർക്കാരുകൾ നിർദ്ദേ ശിക്കുന്ന പ്രവർത്തനങ്ങൾകൂടി സമയബന്ധിതമായി ഏറ്റെടുക്കേണ്ടതാണ്.

1. **ഉജ്ജീവനം**

ആത്മഹത്യാ പ്രവർണതയുടെ മൂലകാരണങ്ങളെ ശാസ്ത്രീയമായി അന്വേഷിക്കു കയും ബോധവൽക്കരണമുൾപ്പെടെയുള്ള പ്രതിരോധപ്രവർത്തനങ്ങൾ ഫലപ്രദ മായി സംഘടിപ്പിക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം, സംസ്ഥാന ആരോഗ്യവകുപ്പുമായി ചേർന്ന് തയ്യാറാക്കുന്ന കർമ്മപദ്ധതിയനുസരിച്ചാണ് ഈ പ്രവർത്തനത്തിന്റെ സംഘാടനം.

1. മാനസികാരോഗ്യത്തെക്കുറിച്ച് ശാസ്ത്രീയ ധാരണ വളർത്തുക.
2. ആത്മഹത്യാമുന്നറിയിപ്പ് സൂചനകൾ തിരിച്ചറിയാനും ആവശ്യമായ മനഃശാസ്ത്ര പ്രഥമശുശ്രൂഷ നൽകാനും വോളന്റിയർമാരെയും പ്രോഗ്രാം–ഓഫീസർമാരെയും പ്രാപ്തരാക്കുക. ആവശ്യമെങ്കിൽ സാമൂഹ്യആരോഗ്യ കേന്ദ്രത്തിലേക്ക് ചികിത്സ യ്ക്കായി ശുപാർശ ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു പ്രോട്ടോകോൾ തയ്യാറാക്കുക.
3. വിവിധതലങ്ങളിൽ കൃത്യമായ മോഡ്യൂൾ അനുസരിച്ചുള്ള പരിശീലനം സംഘടി പ്പിക്കുക.
4. പോസിറ്റീവ് മെന്റൽ ഹെൽത്ത് പരിപോഷിപ്പിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുക.

2. **'സത്യമേവജയതേ'**

സത്യാനന്തരകാലഘട്ടത്തിൽ ശരിയായ വിവരങ്ങൾ സ്വായത്തമാക്കാൻ വോളന്റിയർമാരെ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ. സാമൂഹ്യമാധ്യ മങ്ങളടക്കമുള്ള മാധ്യമങ്ങൾവഴി തങ്ങളിലേക്കെത്തുന്ന വാർത്തകളിലെ വാസ്തവത്തെപ്പറ്റി അവബോധമുണ്ടാവുക. വ്യാജവാർത്തകൾക്കെതിരെ ജാഗ്രത പുലർത്താനും സാമൂഹ്യമായ ബോധവൽക്കരണം നടത്താനും വോളന്റിയർമാരെ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ.

മാധ്യമ, സൈബർ മേഖലയിൽ സൃഷ്ടിപരമായ ഇടപെടലിന് വോളന്റിയർമാരെ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ.

SIET (State Institute of Educational Technology) യുമായി ചേർന്നാണ് ഈ പ്രവർത്തനം നടപ്പിലാക്കുന്നത്.

3. **'അരങ്ങ്'**

സാമൂഹ്യപ്രസക്തിയുള്ള വിഷയങ്ങൾ പൊതുസമൂഹവുമായി സംവദിക്കുക എന്ന ലക്ഷ്യത്തോടെ തിയറ്ററിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തികൊണ്ട് സംസ്ഥാന തലം മുതൽ യൂണിറ്റുതലം വരെയുള്ള വോളന്റിയർമാർക്ക് അവസരം സൃഷ്ടിക്കുക.

ഈ മേഖലയിലെ ശ്രദ്ധേയരായവരുടെ സേവനം പ്രയോജനപ്പെടുത്തി സംസ്ഥാന തലത്തിൽ ശില്പശാല സംഘടിപ്പിക്കുകയും അവിടെ രൂപപ്പെടുന്ന മോഡ്യൂളുകൾ ജില്ലകളിൽ പരിചയപ്പെടുത്തി തുടർന്ന് യൂണിറ്റുതലംവരെ അത് പ്രയോഗ ക്ഷമമാക്കുന്ന പ്രവർത്തനമാണ് നടത്തേണ്ടത്. ലഘുനാടകങ്ങൾ, തെരുവു നാടകങ്ങൾ, ഫ്ളാഷ് മോബുകൾ തുടങ്ങിയവ തയ്യാറാക്കി അവതരിപ്പി ക്കാവുന്നതാണ്. തീയറ്റർ എന്ന സങ്കേതത്തിലൂടെയുള്ള കടന്നുപോകൽ കുട്ടിക ളിൽ അഭിലഷണീയമായ സ്വഭാവവ്യതിയാനങ്ങൾ സൃഷ്ടിക്കുന്നു എന്ന നേട്ടവും ഇതിനുണ്ട്.

4. **'തെളിമ'**

സാമൂഹികമായും അക്കാദമികമായും അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനമാണ് തെളിമ യിലൂടെ ലക്ഷ്യമിടുന്നത്. സഹവർത്തിത്വപഠനവും പിന്നാക്ക മേഖലകളിൽ പഠന കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള കൈത്താങ്ങും, ലളിതവത്ക്കരിച്ച പഠനസഹായികൾ തയ്യാറാക്കിനൽൽ, പഠനസഹായികൾ തയ്യാറാക്കി നൽകൽ ആവശ്യമുള്ളവർക്ക് നോട്ടുബുക്കുകളും ഡിജിറ്റൽ ഉപകരണങ്ങളും മടക്കമുള്ള പഠന സാമഗ്രികളെത്തിക്കുക തുടങ്ങിയവ 'തെളിമ', ക്യാമ്പസ് പ്രവർത്തന മായിട്ടാണ് വിഭാവനം ചെയ്യുന്നതെങ്കിലും യൂണിറ്റുകൾക്ക് സാദ്ധ്യതകൾ ക്കനുസരിച്ച് പാർശ്വവൽകൃത വിഭാഗങ്ങളിലേക്ക് ഈ പ്രവർത്തനം എത്തിക്കാവുന്നതാണ്. ആയാസരഹിതമായ പഠനത്തിനുതകുന്ന രീതിയിൽ വിദ്യാർത്ഥികളെ പിന്തുണയ്ക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

സർക്കാർ നിയന്ത്രണത്തിലുള്ള ശിശുമന്ദിരങ്ങൾ, മഹിളാ സംഖ്യ സൊസൈറ്റി യുടെ നിയന്ത്രണത്തിലുള്ള ബാലികാ കേന്ദ്രങ്ങൾ, അംഗനവാടികൾ, പ്രൈമറി വിദ്യാലയങ്ങൾ തുടങ്ങിയവസ്ഥലങ്ങളിലും ഗുണപരമായ ഇടപെടലുകൾ നടത്താ വുന്നതാണ്.

5. **'PRABHA' (Persons with Disabilities Rehabilitation and Basic Health Assistance)**

ശാരീരിക പരിമിതികൾ നേരിടുന്ന വിദ്യാർത്ഥികളുടെയും ഇതര വ്യക്തികളുടെയും പ്രശ്നങ്ങൾ ഗവൺമെന്റ് തലത്തിൽ എത്തിയ്ക്കുകയും ആവശ്യമായ പിന്തുണാ സംവിധാനം ഒരുക്കുന്നതുമായ പ്രവർത്തനങ്ങളാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യ മിടുന്നത്. ഇതിന്റെ ഭാഗമായി വയോജന പരിപാലന പ്രവർത്തനങ്ങൾ കേന്ദ്രീകൃ തമായി സംഘടിപ്പിക്കുന്ന വിവരശേഖരണ പ്രവർത്തനങ്ങൾ മുതലായവ സംഘ ടിപ്പിക്കാവുന്നതാണ്.

6. **'സമദർശൻ' – ലിംഗസമത്വപരിപാടി**

ബോധവത്ക്കരണം (ഓൺലൈൻ, ഓഫ്ലൈൻ)

സ്ത്രീധനനിരോധന ബോധവത്ക്കരണപ്രവർത്തനങ്ങൾ

പിയർ ഗ്രൂപ്പ് ലേണിംഗ്

പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കൽ, റിസോഴ്സ് അദ്ധ്യാപകരുടെ പരിശീലനം.

ഇതര വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ മതലായവ.

7. **‘ജീവദ്യുതി’ (രക്തദാനം)**

രക്തദാന സേനയെ കേരളത്തിൽ വ്യാപകമായി സജ്ജമാക്കുന്ന പ്രവർത്തനങ്ങൾ സർക്കാർ സംവിധാനങ്ങളുമായി സഹകരിച്ച് സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുക. രക്തദിനക്യാമ്പുകൾ സംഘടിപ്പിക്കുക, രക്തദാതാക്കളുടെ വിശദാംശങ്ങളടങ്ങിയ ഡയറക്ടറി തയ്യാറാക്കുക. റക്തദാനബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന അവകാശങ്ങളും അവസരങ്ങളും സ്ത്രീ, പുരുഷ, ഇഥരലിംഗക്കാർക്കുൾപ്പെടെയുള്ള എല്ലാ മനുഷ്യർക്കും തുല്യമായി ലഭ്യമാക്കണമെന്ന ലക്ഷ്യമാണ് ഈ പദ്ധതിക്കുള്ളത്. കേന്ദ്രീകൃതമായി തയ്യാറാക്കപ്പെടുന്ന പ്രവർത്തന പദ്ധതിയനുസരിച്ചുള്ള ബോധവൽക്കരണമുൾപ്പെടെയുള്ള ഇടപെടലുകൾ സമദർശന്റെ ഭാഗമായി വിഭാവനം ചെയ്യുന്നു.

പ്രധാന പ്രവർത്തനങ്ങൾ

8. **‘ഹരിതം’**

➢ ചെറുവനങ്ങൾ

പരിസ്ഥിതി സംരക്ഷണത്തിനും കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാനുമായുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ വോളന്റിയർമാർക്ക് നൽകേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ നൂറ് കുട്ടിവനങ്ങൾ (മിയാവാക്കി ഫോറസ്റ്റ്) നിർമ്മിക്കാൻ പരിപാടി ലക്ഷ്യമിടുന്നു. ഒരു ജില്ല കുറഞ്ഞത് അഞ്ച് എണ്ണമെങ്കിലും നിർമ്മിക്കണം. ഇത് കാമ്പസിനുള്ളിൽ തന്നെയോ പൊതുസമൂഹത്തിന്റെ സഹകരണത്തോടെ പൊതുഇടങ്ങളിലോ നിർമ്മിക്കാം. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം തേടാവുന്നതാണ്.

➢ പച്ചക്കറി കൃഷി

➢ മറ്റ് കൃഷികൾ

➢ ഖരമാലിന്യ സംസ്ക്കരണം

➢ ഫലവൃക്ഷങ്ങൾ നടീലും പരിപാലനവും

➢ കമ്പോസ്റ്റ് നിർമ്മാണം

➢ ജലസംരക്ഷണ പ്രവർത്തനങ്ങൾ

➢ ഊർജ്ജ സംരക്ഷണം

➢ ഹരിതചട്ടപാലനം

➢ എൻ.എസ്.എസ്. തനതിടം –പരിപാലനം

➢ Seed Ball നിർമ്മാണം.

➢ തയ്യാറാക്കിയ Seed Ball കളുടെ വിതയ്ക്കൽ

വിദ്യാർത്ഥിസമൂഹത്തെ സുസ്ഥിരജീവിതശൈലികൾ (Sustainable life style) പരിചയപ്പെടുത്തുകയും അവരിൽ പാരിസ്ഥിതികവും സാമൂഹ്യവുമായ ഉത്തരവാദിത്തബോധം സൃഷ്ടിക്കുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

9. **ആരോഗ്യരംഗം**

ശാരീരികവും മാനസികവുമായ ആരോഗ്യശീലങ്ങൾ ആർജ്ജിച്ചെടുക്കുക, പ്രഥമ ശുശ്രൂഷ, മഹാമാരികൾക്കെതിരെയുള്ള ജാഗ്രതയും പ്രതിരോധ പ്രവർത്തനങ്ങളും, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള ശരിയായ ധാരണ വളർത്തൽ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, മെഡിക്കൽ/നേത്രക്യാമ്പുകളുടെ സംഘാടനം, അവയവദാന ബോധവൽക്കരണം, വാക്സിനേഷൻ ബോധവൽക്കരണവും പ്രസ്തുത രംഗത്തെ സന്നദ്ധ സേവനവും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കാവുന്നതാണ്. സംസ്ഥാന ആരോഗ്യവകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്.

10. **മീഡിയാ രംഗം**

എൻ.എസ്.എസ്. ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ പൊതുസമൂഹത്തിലെത്തിക്കാൻ വോളന്റിയർമാരെ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ

ഇതിന്റെ ഭാഗമായി സംസ്ഥാനതലം മുതൽ യൂണിറ്റ്തലംവരെ പരിശീലനം സംഘടിപ്പിക്കുക. സംസ്ഥാനതലത്തിൽ ജില്ലകളിൽ നിന്നു തെരഞ്ഞെടുക്കുന്ന രണ്ടു വീതം ലീഡർമാരും ജില്ലാ ചുമതലയുള്ള അദ്ധ്യാപകരും എൻ.എസ്.എസ്. റീജിയണൽ ജില്ലാചുമതലയുള്ള അദ്ധ്യാപകരും അടങ്ങുന്ന ടീമിന് സംസ്ഥാനതലത്തിൽ പരിശീലനം നൽകുന്നു.

തുടർന്ന് ജില്ലാ, ക്ലസ്റ്റർ, യൂണിറ്റുതലംവരെ ടി പരിശീലനം സംഘടിപ്പിക്കുന്ന പ്രവർത്തനം

11. **പുസ്തകത്തണൽ**

വായനയെയും ജ്ഞാനിർമ്മാണത്തെയും പിരപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹയർസെക്കന്ററി എൻ.എസ്.എസ്. മുൻവർഷങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി പുസ്തകത്തണൽ പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി പൊതുഇടങ്ങളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന രീതിയിൽ പുസ്തകങ്ങൾ പ്രദർശിപ്പിക്കുന്ന സ്ഥിരം സംവിധാനമൊരുക്കുക.ടി പുസ്തകശേഖരം പരിപാലിക്കപ്പെടേണ്ടതും തെറ്റായതും സമൂഹത്തെ പിന്നോട്ടുനയിക്കുന്നതുമായ ആശയങ്ങളടങ്ങിയ പുസ്തകങ്ങൾ പുസ്തകശേഖരത്തിലില്ല എന്ന് യുണിറ്റുകൾ ഉറപ്പാക്കേണ്ടതുമാണ്. വിനോദസഞ്ചാരകേന്ദ്രങ്ങൾ, കാത്തിരിപ്പ്കേന്ദ്രങ്ങൾ, ആശുപത്രി ഒ.പി. വിഭാഗങ്ങൾ, സർക്കാർ ആഫീസുകൾ മുതലായ കേന്ദ്രങ്ങളിൽ തുറന്ന വായനാശാല സ്ഥാപനത്തിനായി തെരഞ്ഞെടുക്കാവുന്നതുമാണ്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തുറന്ന വായനശാലകൾ പുസ്തകശേഖരം കൂട്ടിച്ചേർത്ത് സമ്പുഷ്ടീകരിച്ച് കൂടുതൽ സജീവമാക്കേണ്ടതാണ്.

12. **സാംസ്ക്കാരിക വിനിമയപരിപാടി –**

ഗോത്ര, കടലോര, പാർശ്വവൽകൃതസമൂഹങ്ങളിൽ ഗുണപരമായ ഇടപെടലുകൾ നടത്തുകയും പ്രസ്തുത സമൂഹങ്ങളിൽ സാധ്യമായ ക്ഷേമപ്രവർത്തനങ്ങൾ പ്രാദേശികമായ സാധ്യതയ്ക്കും അനുയോജ്യതയ്ക്കുമനുസരിച്ച് ആവിഷ്ക്കരിച്ച് സംസ്ഥആനതല അംഗീകരാത്തോടെ നടപ്പിലാക്കാവുന്നതാണ്.

ഗോത്ര കടലോര മേഖലകളെ പരസ്പരം സംയോജിപ്പിച്ചുകൊണ്ടുള്ള സാംസ്ക്കാരിക വിനിമയം, ഉപജീവനപദ്ധതികൾ തനതു കലാരൂപങ്ങളുടെ പരിപോഷണം തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കാവുന്നതാണ്. പ്രസ്തുത പ്രദേശങ്ങളിൽ വായനശാലകൾ സ്ഥാപിക്കുന്നതടക്കമുള്ള പ്രവർത്തന സാധ്യതകൾ ഉപയോഗിക്കാവുന്നതാണ്.

13. **ഉപജീവനം/ഭവനം**

സാമ്പത്തികമായും സാമൂഹ്യമായും പിന്നാക്കം നിൽക്കുന്ന ജനങ്ങൾക്ക് ജീവിതമാർഗ്ഗം ലഭ്യമാക്കുന്നതിനായി ജില്ല/ക്ലസ്റ്റർ/യൂണിറ്റ് തലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി.

എച്ച്.എസ്.ഇ., എൻ.എസ്.എസ്. വർഷങ്ങളായി തുടർന്നുവരുന്ന ഭവനനിർമ്മാണ പദ്ധതിയായ സ്നേഹവീട് പദ്ധതി ജില്ല/ക്ലസ്റ്റർ/യൂണിറ്റടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

14. **ദുരന്തനിവാരണ ജീവരക്ഷാ പ്രവർത്തനങ്ങൾ – 'സന്നദ്ധം'**

പ്രകൃതിക്ഷോഭങ്ങൾപോലെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ ഇടപെടാനുള്ള നൈപുണ്യം ആർജ്ജിക്കാനുള്ള പരിശീലനം.

ഫയർ & റസ്ക്യൂ വകുപ്പുമായി സഹകരിച്ച് സംസ്ഥാന തലത്തിൽ തയ്യാറാക്കപ്പെട്ട മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഓരോ യൂണിറ്റിലും പരിശീലനം സംഘടിപ്പിക്കും. പരിശീലനം പൂർത്തിയാക്കുന്ന വോളന്റിയർമാർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നു.

'ആർച്ച' പോലീസ് വകുപ്പുമായി ചേർന്ന് പെൺകുട്ടികൾക്ക് നൽകുന്ന സ്വയം പ്രതിരോധ പരിശീലനങ്ങൾ.

15. **'ചായം-2022'**

കല സാമൂഹ്യ നന്മയ്ക്ക്

ഹയർസെക്കന്ററി എൻ.എസ്.എസ്. വോളന്റിയർമാർ, അദ്ധ്യാപകർ എന്നിവരുടെ സർഗ്ഗശേഷി സമൂഹനന്മയ്ക്ക് ഉതകുംവിധം വിനിയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് 'ചായം-2022'.

ഓരോ ജില്ലയുടെയും നേതൃത്വത്തിൽ ശേഖരിക്കുന്ന ചിത്രങ്ങൾ/ശില്പങ്ങൾ മുതലായവയുടെ മൂല്യം ജനകീയമായി ഉപയോഗപ്പെടുത്തി ജീവകാരുണ്യ മേഖലയിൽ ഗുണപരമായി ഇടപെടൽ ലക്ഷ്യമിടുന്ന പ്രവർത്തനം.

പ്രസ്തുത പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി വിവിധതലങ്ങളിൽ ജനകീയകമ്മറ്റികൾ രൂപീകരിക്കാൻ ലക്ഷ്യമിടുന്നു.

'ചായം-2022' ന്റെ ഭാഗമായി തയ്യാറാക്കപ്പെട്ട കലാസൃഷ്ടികളുടെ പ്രദർശനം സംസ്ഥാന, ജില്ലാ തലങ്ങളിൽ സംഘടിപ്പിക്കാവുന്നതാണ്.

16. **'ഫ്രീഡംവാൾ-2022'**

രാഷ്ട്രസ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം പ്രമാണിച്ച് വിദ്യാർത്ഥികൾ ക്യാമ്പസുകളിൽ ഒരുക്കുന്ന 'ഫ്രീഡംവാൾ-2022' സംസ്ഥാനവ്യാപകമായി സംഘടിപ്പിക്കുന്നു.

സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ദേശീയ, സംസ്ഥാന, പ്രാദേശിക പ്രാധാന്യമുള്ള ചരിത്രസംഭവങ്ങളുടെ ചിത്രാവിഷ്ക്കാരം തെരഞ്ഞെടുത്ത ക്യാമ്പസുകളിൽ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു. യൂണിറ്റുകൾ തയ്യാറാക്കുന്ന ചിത്രങ്ങൾ സംസ്ഥാനതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിനുശേഷമാണ് നടപ്പിൽ വരുത്തേണ്ടത്.

## പ്രത്യേകപരിപാടികൾ

**'ഭാരത് ദർശൻ' -ദേശീയോദ്ഗ്രഥനയാത്ര**

ഭാരതത്തിന്റെ സാംസ്ക്കാരിക, പ്രാദേശിക, മതപരമായ വൈവിധ്യങ്ങൾ വിദ്യാർത്ഥികളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ ചേർത്ത് ദേശീയപ്രാധാന്യമുള്ള പ്രദേശങ്ങളിൽ സന്ദർശനം സംഘടിപ്പിക്കുന്ന പരിപാടി. ഇതേ മാതൃകയിൽ പി.എ.സി. അംഗങ്ങൾക്കും പ്രോഗ്രാം ഓഫീസർമാർക്കുമായി യാത്രകൾ സംഘടിപ്പിക്കുക.

**പരിശീലനപരിപാടി**

വോളന്റിയർ ലീഡർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും പരിശീലനം നൽകുന്നതിനുള്ള പരിശീലകരെ സജ്ജമാക്കുന്നതിനായി "Training of Trainers" (TOT) സംഘടിപ്പിക്കുക.

ക്ലസ്റ്ററുകളുടെ സംഘാടനം മികവുറ്റതാക്കാൻ പി.എ.സി. അംഗങ്ങൾക്കായുള്ള സംസ്ഥാനതല പരിശീലനം സംഘടിപ്പിക്കുക.

യൂണിറ്റുകളിലെ പ്രവർത്തനം ക്രിയാത്മകമാക്കുന്നതിന്, പരിശീലനം ലഭിക്കാത്ത പ്രോഗ്രാം ഓഫീസർമാർക്ക് ജില്ലാതലത്തിലോ, മേഖലാ തലത്തിലോ പരിശീലനം നൽകുക.

പ്ലസ്‌വൺ വോളന്റിയർ ലീഡർമാർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുക.

സപ്തദിന ക്യാമ്പിന് മുന്നോടിയായി പ്രീക്യാമ്പ് ഓറിയന്റേഷൻ സംഘടിപ്പിക്കുക.

## PROGRAMMES 2022-23

1. ഉജ്ജീവനം (Orientation/Activity)
2. സത്യമേവ ജയതേ (Orientation)
3. അരങ്ങ് (Activity) compulsory community)
4. തെളിമ (Activity) - Campus - Community
5. PRABHA (Activity)
6. സമദർശൻ (Activity/Orientation)
7. ജീവദ്യുതി (Activity/Orientation)
8. ഹരിതം (Activity)
9. ആരോഗ്യ രംഗം (Activity/Orientation)
10. മീഡിയാ രംഗം (Orientation)
11. തുറന്ന വായനശാലകൾ (Activity)
12. സാംസ്ക്കാരിക വിനിമയ പരിപാടി (Activity)
13. ഉപജീവനം/ഭവനം (Activity)
14. ദുരന്തനിവാരണ/ജീവരക്ഷ - 'സന്നദ്ധം' (Orientation)
15. ചായം (Activity)
16. 'ഫ്രീഡംവാൾ-2022'
17. തനതുപരിപാടികൾ

## Special Programmes

1. ഭരത് ദർശൻ
2. പരിശീലന പരിപാടികൾ

**ഓറിയന്റേഷൻ (നിർബന്ധമായും പൂർത്തീകരിക്കുക)**

1. 'ഉജ്ജീവനം'
2. 'സത്യമേവജയതേ'
3. 'സമദർശൻ'
4. 'ജീവദ്യുതി' -രക്തദാനം ബോധവത്ക്കരണം
5. ആരോഗ്യ രംഗം
6. മീഡിയ രംഗം
7. ദുരന്തനിവാരണ-ജീവരക്ഷ പ്രവർത്തനം- 'സന്നദ്ധം'
8. ദിനാചരണങ്ങൾ (പരമാവധി 5 മണിക്കൂർ)

### IV ENROLMENT

### ഒന്നാം വർഷ വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

ഒന്നാം വർഷത്തിൽ (+1) പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികൾക്കുമായി പൊതു ശിക്ഷണം (ജനറൽ ഓറിയന്റേഷൻ) നൽകണം.

- എൻ.എസ്.എസ്.ന്റെ വിവിധ പ്രവർത്തനങ്ങൾ
- എൻ.എസ്.എസ്. എന്ന സംഘടനയുടെ വിദ്യാഭ്യാസത്തിലുള്ള പ്രസക്തി
- വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന നേട്ടം തുടങ്ങിയവ

1. ജനറൽ ഓറിയന്റേഷനുശേഷം താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷ മാതൃക നൽകേണ്ടതാണ്. ജനറൽ ഓറിയന്റേഷൻ വിദ്യാലയത്തിലെ പ്രോഗ്രാം ഓഫീസർ ആണ് നിർവഹിക്കേണ്ടത്. (ജനറൽ ഓറിയന്റേഷൻ നൽകാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ട്രെയിനിങ്ങ് ലഭിച്ച അടുത്തുള്ള വിദ്യാലയത്തിലെ പ്രോഗ്രാം ഓഫീസറുടെ സേവനം ലഭ്യമാക്കാവുന്നതാണ്.
2. വിദ്യാർത്ഥികൾ രക്ഷകർത്താവിനോട് അനുവാദം വാങ്ങിയശേഷമേ പൂരിപ്പിച്ച അപേക്ഷ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതുള്ളൂ.
3. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുല്യപരിഗണന നൽകണം.
4. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളുടെയും പേര്/ക്ലാസ്സ്/രക്ഷകർത്താവിന്റെ പേര് എന്നിവ എൻ.എസ്.എസ്. നോട്ടീസ് ബോർഡിലും, വിദ്യാലയത്തിന്റെ നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കേണ്ടതാണ്.
5. ഓരോ യൂണിറ്റും/പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ കണ്ടെത്തുവാനുള്ള വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്. യൂണിറ്റു തലത്തിൽ വോണ്ടിയർമാരെ തിരഞ്ഞെടുക്കുന്നതിന് ഉപയോഗിക്കുന്ന മാനദണ്ഡം യൂണിറ്റിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വിദ്യാർത്ഥികളിലെ സാമൂഹ്യ സേവന പ്രവർത്തനത്തിനുള്ള താൽപ്പര്യവും ആഭിമുഖ്യവും കണക്കിലെടുത്ത്

തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. എൻറോൾമെന്റ് ചെയ്യുന്നതിന് തൊട്ടുമുൻപുള്ള 15 ദിവസത്തെ അവരുടെ പ്രവർത്തനം വിലയിരുത്തി പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലായിരിക്കണം വേളണ്ടിയർമാരെ തെരഞ്ഞെടുക്കേണ്ടതാണ്.

6. പ്രോഗ്രാം ഓഫീസർമാർ പ്രിൻസിപ്പൽ/മറ്റ് അധ്യാപകരുടെ സേവനം വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പിൽ ഉപയുക്തമാക്കാവുന്നതാണ്. എന്നാൽ തെരഞ്ഞെടുപ്പിന്റെ യൂണിറ്റ്തല ചുമതലയും/ഉത്തരവാദിത്വവും പൂർണ്ണമായും പ്രോഗ്രാമ ഓഫീസറിൽ നിക്ഷിപ്തമാണ്.

7. പ്രോഗ്രാം ഓഫീസർമാർ വിവേചനം കൂടാതെ സത്യസന്ധമായി, നീതിയുക്തമായി തെരഞ്ഞെടുപ്പ് നടത്തണം.

8. വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പ് വേളയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യപരിഗണന നൽകണം.

9. സയൻസ്/കൊമേഴ്സ്/ഹ്യുമാനിറ്റിക്സ് ബാച്ചുകൾക്ക് തുല്യ പരിഗണന നൽകണം. (വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ എൻറോൾമെന്റ് ലിസ്റ്റ് വകുപ്പ് തലത്തിൽ പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്)

10. SC/ST, OBC/Minority/Girls എന്നിവരെ എൻ.എസ്.എസ്. ൽ ചേരുവാൻ പ്രോത്സാഹനം നൽകണം. സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകളിൽ എസ്.സി/എസ്റ്റി വിദ്യാർത്ഥികളിൽ നിന്നും കഴിയുന്നതും ഫണ്ട് ഈടാക്കാത്ത രീതിയിൽ പിടിഎ ഫണ്ട/സി.എസ്.ആർ ഫണ്ട/മറ്റു സർക്കാർ/പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്.

11. എൻറോൾമെന്റ് പൂർത്തിയാക്കുന്നതിനു മുമ്പായി അപേക്ഷ നൽകിയ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ മീറ്റിങ്ങ് വിളിച്ച് എൻ.എസ്.എസ്. പ്രവർത്തനങ്ങൾ വിവരിക്കണം. ഒന്നാം വർഷവും രണ്ടാം വർഷവും 120 മണിക്കൂർ വീതം റെഗുലർ ആക്റ്റിവിറ്റിയിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ എൻ.എസ്.എസ്. സർട്ടിഫിക്കറ്റും ഗ്രേയ്സ് മാർക്കും ലഭിക്കുകയുള്ളൂവെന്നും, റെഗുലർ ആക്റ്റിവിറ്റിയുടെ ഭാഗമായി 70 മണിക്കൂർ ക്യാമ്പസിനു പുറത്ത് സാമീഹ്യസേവനങ്ങളിൽ ഏർപ്പെടുത്തേണ്ടെന്നും അറിയിക്കേണ്ടതാണ്. അവരുടെ സഹായം വിവിധതലത്തിൽ ആവശ്യപ്പെടാം. പെർഫോർമ 4 രക്ഷാകർത്താക്കൾക്ക് നൽകുകയും പൂരിപ്പിച്ച് വാങ്ങി യൂണിറ്റിൽ സൂക്ഷിക്കേണ്ടതും പരിശോധനവേളയിൽ ആവശ്യപ്പെടുകയാണെങ്കിൽ നൽകേണ്ടതുമാണ്.

12. സ്പെഷ്യൽ ക്യാമ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായി വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും അറിവ് നൽകണം.

13. തെരഞ്ഞെടുക്കപ്പെട്ട 50 വോളണ്ടിയേഴ്സിന്റെ ലിസ്റ്റ് സ്കൂൾ നോട്ടീസി ബോർഡിൽ പരസ്യപ്പെടുത്തണം. വെയിറ്റിങ്ങ് ലിസ്റ്റ് പാടില്ല.

14. തെരഞ്ഞെടുപ്പ് പൂർത്തിയായാൽ മാത്രമേ എൻറോൾമെന്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുവാൻ പാടുള്ളൂ. എൻറോൾമെന്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് വാങ്ങി കൃത്യമായി വിവരങ്ങൾ രേഖപ്പെടുകത്തേണ്ടതാണ്.

15. യൂണിറ്റ് തല സ്പെസിഫിക് ഓറിയന്റേഷൻ നടത്തുന്നതിനായി ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന അതാത് പെർഫോർമൻസ് അസൈസ്സ്മെന്റ് കമ്മിറ്റി അംഗങ്ങളെ (PAC) ബന്ധപ്പെടേണ്ടതാണ്. പെർഫോർമെൻസ് അസൈസ്സ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് മാത്രമേ സ്പെസിഫിക് ഓറിയന്റേഷന്റെ ചുമതല നൽകിയിട്ടുള്ളൂ. സ്പെസിഫിക്ക് ഓറിയന്റേഷൻ ജൂലൈ 20 ന് ആരംഭിക്കുകയും ആഗസ്റ്റ് 20 ന് അവസാനിപ്പിക്കുകയും ചെയ്യണം.

16. എൻറോൾമെന്റ് പൂർത്തിയായാൽ യൂണിറ്റ് തലത്തിൽ 2 (M+F) വോളണ്ടിയേഴ്സ് ലീഡറെ തെരഞ്ഞെടുക്കേണ്ടതാണ്. തികച്ചും നേതൃത്വപാടവം ഉള്ളവരെ മാത്രമേ ഇതിനായി പരിഗണിക്കാവൂ. അതോടൊപ്പം 5 സബ്ഗ്രൂപ്പുകൾ രൂപീകരിക്കുകയും 5 ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കുകയും വേണം. യൂണിറ്റ് തലത്തിൽ തിരഞ്ഞെടുക്കുന്ന രണ്ടു ലീഡർമാരെ ആണ് എൻ.എസ്.എസ്. സെൽ നടത്തുന്ന ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. പകരെ ആരെയും അനുവദിക്കുന്നതല്ല.

17. യൂണിറ്റ്തല Advisory Committee വിളിച്ച് പ്രവർത്തന രൂപരേഖ തയ്യാറാക്കാം.

18. രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും വോളന്റിയർമാർ ലീഡറുടെ നേതൃത്വത്തിൽ യോഗം ചേരുകയും പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശധീകരിക്കുകയും ചർച്ച ചെയ്യുകയും വേണം.

19. വാരാവസാന പ്രവൃത്തി ദിനത്തിലും സാധാരണ ദിവസങ്ങളിൽ പഠനസമയത്തിനുശേഷവും യൂണിറ്റ്തല പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

## V SELF FINANCING UNIT

## (സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾ)


ഒന്നാം വർഷം വോളണ്ടിയർമാരിൽ നിന്നും റെഗുലർ ആക്ടിവിറ്റി/സ്പെഷ്യൽ ക്യാമ്പ് ഫണ്ടായി വാങ്ങേണ്ട തുക സംബന്ധിച്ച് കേന്ദ്രസർക്കാർ നിർദ്ദേശം സർക്കുലറായി പ്രസിദ്ധീകരിക്കുന്നതാണ്. ഇത്തരത്തിൽ നിർദ്ദേശിച്ചിട്ടുള്ള തുക മാത്രമേ വേളണ്ടിയർമാരിൽ നിന്നും വാങ്ങാൻ പാടുള്ളൂ.

**എൻ.എസ്.എസ്.വോളണ്ടിയർമാർ**

വോളണ്ടറിയറായി തിരഞ്ഞെടുക്കപ്പെട്ട ഒരു വിദ്യാർത്ഥി രണ്ടു വർഷങ്ങളിലായി ഏറ്റവും കുറഞ്ഞത് 240 മണിക്കൂർ (ഓരോ വർഷവും 120 മണിക്കൂർ വീതം) സേവനപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്. ഇതിന് പുറമേ ഒരു സപ്തദിന ക്യമ്പിലും നിർബന്ധമായും പങ്കെടുക്കണം. ഒരു വർഷത്തെ 120 മണിക്കൂർ പ്രവർത്തനങ്ങളിൽ 20 മണിക്കൂർ വിവിധ പരിശീലനങ്ങൾക്കും (പൊതുശിക്ഷണം 2 മണിക്കൂർ, പ്രത്യേക ശിക്ഷണം 8 മണിക്കൂർ, വ്യക്തിത്വ വികസന പരിശീലനം 10 മണിക്കൂർ), 30 മണിക്കൂർ സ്കൂളിലെ സേവനപ്രവർത്തനങ്ങൾക്കും, 70 മണിക്കൂർ പുറമേയുള്ള സാമൂഹ്യപ്രവർത്തനങ്ങൾക്കുമായി വോളണ്ടിയേഴ്സ് വിനിയോഗിക്കേണ്ടതാണ്.

## VI NSS ACTIVITIES

## (എൻ.എസ്.എസ്. പ്രവർത്തനങ്ങൾ)




**റെഗുലർ ആക്ടിവിറ്റി**

വിദ്യാലയവും വിദ്യാലയം സ്ഥിതിചെയ്യുന്ന പ്രദേശത്തെ സാമൂഹിക-പാരിസ്ഥിതിക അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് ശ്രമിക്കുന്നു.

എൻ.എസ്.എസ് സാമൂഹിക സേവനം അല്ല വിദ്യാഭ്യാസ പ്രവർത്തനം ആണ് എൻ.എസ്.എസ്. ൽ ചേരുന്ന വോളണ്ടിയർമാർക്ക് വ്യക്തിത്വ വികസനത്തിന് ആവശ്യമായ മാർഗ്ഗമാണ് സാമൂഹിക സേവന പ്രവർത്തനം. കേവലം ശ്രോതാവിൽനിന്നും സാമൂഹത്തിന്റെ ുള്ളറകളിൽ ഇറങ്ങിച്ചെന്ന് ജനങ്ങളോടൊപ്പം പ്രവർത്തിക്കുമ്പോൾ വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാറ്റമാണ് എൻ.എസ്.എസ്. ന്റെ പ്രധാന ലക്ഷ്യം. ആ മാറ്റത്തിനുവേണ്ടി വോളണ്ടിയർ സമൂഹത്തിന് നൽകിയ മാതൃകാപരമായ പ്രവർത്തനം ആ സമൂഹത്തിന്റെ ഉന്നമനത്തിനു സഹായകമാണെങ്കിൽ കലാലയവും സമൂഹവും തമ്മിലുള്ള ബന്ധം അനുപൂരകങ്ങളാണ്. അതിനാൽ കമ്മയൂണിറ്റി പ്രവർത്തനങ്ങൾക്ക് വളരെ പ്രാധാന്യം അർഹിക്കുന്നു.

റെഗുലർ ആക്ടിവിറ്റിയുടെ ഭാഗമായി മാത്രമേ സർവ്വേ സംഘടിപ്പിയ്ക്കാൻ പാടുള്ളൂ. സ്പെഷ്യൽ ക്യാമ്പ് പ്രവർത്തനങ്ങൾകൊണ്ട് സംപുഷ്ടമാക്കേണ്ടതും വിദ്യാർത്ഥി വ്യക്തിത്വവികസനം സാധ്യമാക്കേണ്ട ഏറ്റവും നല്ല അവസരമാണ് ഒരുക്കി തരുന്നത്.

## ദൈനംദിന പ്രവർത്തനങ്ങൾ

ഓറിയന്റേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി 20 മണിക്കൂർ വോളണ്ടിയർക്കായി ഓറിയന്റേഷൻ നൽകേണ്ടതാണ്. ഓറിയന്റേഷനിൽ പ്രധാനമായി ശ്രദ്ധിക്കേണ്ടത് എൻ.എസ്.എസ്. ന്റെ അടിസ്ഥാനതത്ത്വങ്ങൾ, ചർച്ചകൾ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, വിവിധ സാമൂഹിക പ്രശ്നങ്ങൾ, എൻ.എസ്.എസ്. ന്റെ ആശയവുമായി കോർത്തിണക്കുന്ന ക്ലാസ്സുകൾ എന്നിവയാണ്.

## ക്യാമ്പസ് വർക്ക്

ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി 30 മണിക്കൂർ വോളണ്ടിയർമാർ വിദ്യാലയത്തിനകത്ത് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്. വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിയ്ക്ക് എൻ.എസ്.എസ്. വോളണ്ടിയർമാർ വിദ്യാലയത്തിനകത്തുള്ള പ്രവർത്തനങ്ങളിലൂടെ സഹായമാകേണ്ടതാണ്. ഉദാ: പൂന്തോട്ട നിർമ്മാണം, വൃക്ഷതൈകൾ വിദ്യാലയ പരിസരത്ത് നടൽ, പരിസര ശുചീകരണം, ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ.

## സാമൂഹിക പ്രവർത്തനം

ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി 70 മണിക്കൂർ വോളണ്ടിയർമാർ ദത്തു ഗ്രാമത്തിൽ, സമൂഹത്തിൽ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

## സപ്തദിന ക്യാമ്പുകൾ

ഒരു വോളണ്ടിയർ ആദ്യവർഷം തന്നെ തുടർച്ചയായ ഏഴുദിവസങ്ങൾ നീണ്ടുനിൽക്കുന്ന പ്രത്യേക ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. താമസവും, ഭക്ഷണവും, ക്യാമ്പിൽ തന്നെയായിരിക്കണം എന്നത് നിർബന്ധമാണ്. സപ്തദിന ക്യാമ്പിലെ പൂർണ്ണമായ പങ്കാളിത്തം എൻ.എസ്.എസ്. സർട്ടിഫിക്കറ്റും, ഗ്രേയ്സ് മാർക്കും ലഭിക്കുന്നതിന് ആവശ്യമാണ്. സാമൂഹ്യ പ്രസക്തിയുള്ളതും, പൊതുജ പങ്കാളിത്തം ഉറപ്പാക്കുന്നതുമായ പദ്ധതികൾക്കു വേണം സപ്തദിന ക്യാമ്പുകൾ മുൻഗണന നൽകാൻ കൗമാര പ്രായക്കാരുടെ സഹജവാസനകളായ കൂട്ടുകൂടൽ, സാഹസികത, അംഗീകരിക്കപ്പെടൽ, അറിയാനുള്ള അവസരം, ലീഡറാകാനുള്ള താത്പര്യം എന്നിവ പരിഗണിച്ച് വിവിധ കലാ-കായിക പ്രവർത്തനങ്ങൾ ക്യാമ്പിൽ ചിട്ടപ്പെടുത്താവുന്നതാണ്. ലളിത ജീവിതവും, മൂല്യബോധവും പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന പ്രവർത്തന ശൈലിയാണ് ക്യാമ്പുകളിൽ അനുവർത്തിക്കേണ്ടത്. എൻ.എസ്.എസ്.ചിഹ്നം പ്രതിനിധാനം ചെയ്യുന്നതുപോലെ, വോളണ്ടിയർമാ

രുടെ സാമൂഹിക ഇടപെടൽകൊണ്ട് സമൂഹത്തിനും ചലനാത്മകമായ ഗുണഫലം പ്രസരിക്കുന്നതിന് ഉചിതമാവണം സപ്തദിന ക്യാമ്പുകൾ.

## VII NSS ORGANISATION AT +2 LEVEL

## (എൻ.എസ്.എസ്. സംഘടനാ സംവിധാനം)

കേന്ദ്ര സർക്കാരിന്റെ സ്പോർട്സ് യുവജനകാര്യാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന എൻ.എസ്.എസ്. ന് കേരളത്തിന്റെയും ലക്ഷദ്വീപിന്റെയും ചുമതലയുള്ള ഒരു റീജ്യനൽ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നുണ്ട്. കേരള സർക്കാരിന്റെ എൻ.എസ്.എസ്. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്, സ്റ്റേറ്റ് എൻ.എസ്.എസ്. സെൽ പ്രവർത്തിക്കുന്നു. കേരളത്തിലെ യൂണിവേഴ്സിറ്റികളുടേയും ഡയറക്ടറേറ്റുകളുടെയും പ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്നത് സ്റ്റേറ്റ് എൻ.എസ്.എസ്. സെൽ ആണ്.

ഹയർ സെക്കന്ററി ഡയറക്ടറേറ്റ് തലത്തിൽ ഒരു പ്രോഗ്രാം കോ–ഓർഡിനേറ്ററും ഭരണസൗകര്യത്തിനായി മേഖലാ പ്രോഗ്രാം കൺവീനർമാരും ജില്ലാ പ്രോഗ്രാം കൺവീനർമാരും, ക്ലസ്റ്റർ കൺവീനർമാരും (പെർഫോർമൻസ് അസെസ്സ്മെന്റ് കമ്മിറ്റി (പി.എ.സി)അംഗങ്ങളുംപ്രവർത്തിക്കുന്നു. യൂണിറ്റ് തലത്തിൽ പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ പ്രോഗ്രാം ഓഫീസർമാർ ചുമതലകൾ നിർവ്വഹിക്കുന്നു. പ്രോഗ്രാം ഓഫീസർമാർക്കുള്ള ട്രെയിനിംഗ് കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന എംപാനൽസ് ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് (ഇ.റ്റി.ഐ) നൽകി വരുന്നു.

## VIII REPORTING

## (എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെ വിവരശേഖരണം)

യൂണിറ്റുതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ 10 എൻ.എസ്.എസ്. യൂണിറ്റിന്റെ ചാർജ്ജുള്ള പിഎസി അംഗത്തെ കൃത്യമായ ഇടവേളകളിൽ അറിയിയ്ക്കുകയും പിഎസി അംഗം ജില്ലാ പ്രോഗ്രാം കൺവീനർ മുഖാന്തിരം ഓരോ മാസവും റിപ്പോർട്ട് എൻ.എസ്.എസ്. സെല്ലിൽ അറിയിക്കുകയും ചെയ്യുന്നു.

എൻ.എസ്.എസ്. സെല്ലിൽ നിന്നും യൂണിറ്റുകളെ അറിയിയ്ക്കേണ്ട നിർദ്ദേശങ്ങൾ വിവരങ്ങൾ പരിപാടികൾ എന്നിവ ഹയർസെക്കന്ററി പോർട്ടൽ മുഖാന്തിരവും, വാർട്സപ്പ് ഗ്രൂപ്പുകൾ വഴിയും അറിയിക്കുന്നു. ഓരോ ജില്ലയിലും നൽകുന്ന യൂണിറ്റിന്റെ ഗൂഗിൾ ഡ്രൈവ്ഫോൾഡറിലേക്ക് അതത് പരിപാടിയുടെ ഫോട്ടോയും റിപ്പോർട്ടും അപ്ലോഡ് ചെയ്യേണ്ടതാണ്. പിഎസി അംഗങ്ങൾ എല്ലാ യൂണിറ്റുകളിലും അത്തരത്തിൽ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

എൻ.എസ്.എസ്. സെല്ലിൽ ലഭിക്കുന്ന യൂണിറ്റ്/പിഎസി/ജില്ലാ/മേഖലാ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് എൻ.എസ്.എസ്. സ്റ്റേറ്റ് സെല്ലിലേയ്ക്കും റീജണൽ ഡയറക്ടറേറ്റിലേയ്ക്കും കൃത്യമായി നൽകാറുണ്ട്.

### എൻ.എസ്.എസ്. യൂണിറ്റുകൾ പ്രവർത്തനങ്ങൾ/ വിലയിരുത്തൽ

എൻ.എസ്.എസ്. യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ പിഎസി അംഗങ്ങൾ കൃത്യമായി വിലയിരുത്തുകയും ജില്ലാ കൺവീനർമാരെ അറിയിയ്ക്കുകയും ചെയ്യുന്നു. യൂണിറ്റുകൾക്ക് ഓറിയന്റേഷൻ നൽകുന്നത് പിഎസി അംഗങ്ങളാണ്. സ്പെഷ്യൽ ക്യാമ്പിനും അന്തർജില്ലാ സന്ദർശന വേളയിലും യൂണിറ്റുകളുടെ പ്രവർത്തനത്തെ വിലയിരുത്തി പിഎസി അംഗങ്ങൾ എൻ.എസ്.എസ്. സെല്ലിൽ റിപ്പോർട്ട് സമർപ്പിയ്ക്കുന്നു.

എൻ.എസ്.എസ്. യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ അന്തർജില്ലാ പിഎസി അംഗങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ശരിയായ രീതിയിൽ പ്രവർത്തിക്കാത്ത യൂണിറ്റുകളുടെ വിവരങ്ങൾ എൻ.എസ്.എസ്. സെല്ലിൽ റിപ്പോർട്ട് ചെയ്യേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

പിഎസി വിലയിരുത്തൽ എൻ.എസ്.എസ്. യൂണിറ്റുകളുടെ രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

## IX MONITORING

യൂണിറ്റുകളെ പിഎസി അംഗങ്ങൾ മുഖാന്തിരം കൃത്യമായി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതോടൊപ്പം പിഎസി അംഗങ്ങൾ/ജില്ലാ പ്രോഗ്രാം കൺവീനർ സ്പെഷ്യൽ ക്യാമ്പുകൾ സന്ദർശിയ്ക്കുകയും എൻ.എസ്.എസ്. സെൽ നൽകുന്ന സ്പെഷ്യൽ ക്യാമ്പ് വിലയിരുത്തൽ രേഖയുടെ അടിസ്ഥാനത്തിൽ വിലയിരുത്തി റിപ്പോർട്ട് സമർപ്പിയ്ക്കാറുണ്ട്. അതോടൊപ്പം എൻ.എസ്.എസ്. സർട്ടിഫിക്കറ്റിനുള്ള യോഗ്യത നിർണ്ണയിക്കുന്നതിനായി അന്തർ ജില്ലാ സന്ദർശന സമയത്ത് ഒരു വർഷത്തെ പ്രവർത്തനങ്ങൾ യൂണിറ്റിലെ രേഖകൾ, പരിപാടികൾ, വോളണ്ടിയർമാരോട് സംവാദിച്ച് മനസ്സിലാക്കുന്ന വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ എൻ.എസ്.എസ്. സെൽ നൽകുന്ന ഫോമിൽ വിവരങ്ങൾ രേഖപ്പെടുത്തി ജില്ലാതലത്തിൽ ക്രോഡീകരിച്ച് എൻ.എസ്.എസ്. സെല്ലിന് നൽകിവരുന്നു. 2022-23 വർഷത്തെ സപ്തദിന ക്യാമ്പുകൾ ഹയർസെക്കന്ററി ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർമാർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, റീജിയണൽ ഡയറക്ടർ, സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസർ, എൻ.എസ്.എസ്. ട്രെയിനിങ് കോഡിനേറ്റർ, എൻ.എസ്.എസ്. പ്രോഗ്രാം കോഡിനേറ്റർ, എൻ.എസ്.എസ്. സെല്ലിലെ ഉദ്യോഗസ്ഥർ, RPC, DC,PAC അംഗങ്ങൾ എന്നിവർ സന്ദർശിക്കുന്നതാണ്.

**2022-23 വർഷത്തെ മോണിറ്ററിംഗ് പിഎസി തലം**

1. 2-ാം വർഷ വോളന്റിയർ ക്യാമ്പിൽ ജില്ലാ തലത്തിൽ ഇന്റർ ക്ലസ്റ്റർ മോണിറ്ററിംഗ്
2. 1-ാം വർഷ വോളന്റിയർ ക്യാമ്പിൽ ക്ലസ്റ്റർ തല പി.എ.സി. മോണിറ്ററിംഗ്
3. ജനുവരി 2023 - മാർച്ച് 2023 ഇന്റർ-ഡിസ്ട്രിക്റ്റ് മോണിറ്ററിംഗ്

## X VOLUNTEER SCHOOL CHANGE

## (വോളന്റിയർ വിദ്യാലയമാറ്റം)

എൻ.എസ്.എസ്. വോളന്റിയർ ഒന്നാം വർഷം ഒരു വിദ്യാലയത്തിൽ പഠിക്കുകയും രണ്ടാം വർഷം വിദ്യാലയമാറ്റത്തിന് അപേക്ഷിച്ച് മറ്റൊരു വിദ്യാലയത്തിലേക്ക് പോയാൽ പഠിച്ചിരുന്ന വിദ്യാലയത്തിന്റെ എൻറോൾമെന്റ് രജിസ്റ്റർ, റെഗുലർ & സ്പെഷ്യൽ ക്യാമ്പ് രജിസ്റ്റർ അത് അടയാളപ്പെടുത്തുകയും വേണം. കൂടാതെ പഠിച്ചിരുന്ന വിദ്യാലയത്തിലെ പ്രിൻസിപ്പൽ ഒന്നാം വർഷം 120 മണിക്കൂർ റെഗുലർ വർക്ക് പൂർത്തീകരിക്കുകയും സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുത്തു എന്നുമുള്ള കത്ത് സപ്െഷ്യൽ ക്യാമ്പ്, റെഗുലർ ആക്ടിവിറ്റി & എൻറോൾമെന്റ് രജിസ്റ്റർ അറ്റസ്റ്റഡ് കോപ്പി, വർക്ക് ഡയറി (വോളന്റിയർ) പ്രോഗ്രാം ഓഫീസറും പ്രിൻസിപ്പലും സൈൻ ചെയ്ത് പുതിയ വിദ്യാലയത്തിലെ പ്രിൻസിപ്പലിന് നൽകണം. ആ വിദ്യാലയത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വോളന്റിയർമാരോടൊപ്പം രണ്ടാം വർഷം പ്രവർത്തിക്കാം. പകരം വോളന്റിയർമാരെ ചേർക്കാൻ പാടില്ല.

## XI PROGRAMME OFFICER

ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകളിൽ ഒരു പ്രോഗ്രാം ഓഫീസറെ നിയമിച്ചാൽ 3 വർഷം പൂർത്തിയാക്കിയിട്ടാണ് പുതിയപ്രോഗ്രാം ഓഫീസറെ നിയമിയ്ക്കേണ്ടത്. സേവന സന്നദ്ധതയും മികച്ച പ്രവർത്തനവുമുള്ള പ്രോഗ്രാം ഓഫീസർമാർക്ക് ഒരു വർഷം കൂടി പ്രവർത്തിയ്ക്കണമെങ്കിൽ പ്രിൻസിപ്പൽ എൻ.എസ്.എസ്. സെല്ലിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ആയി ചാർജ്ജ് ഏറ്റെടുത്താൽ 3 വർഷമാണ് സാധാരണ കാലാവധി (ട്രാൻസ്ഫർ ഒഴികെ). എന്നാൽ ചില യൂണിറ്റുകളിൽ ഒരു വർഷത്തേയ്ക്ക് പ്രോഗ്രാം ഓഫീസറെ നിയമിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രോഗ്രാം ഓഫീസർമാരെ തെരഞ്ഞെടുക്കുമ്പോൾ 3 വർഷം പ്രവർത്തിയ്ക്കാമെന്ന് പ്രിൻസിപ്പൽമാർ എഴുതി വാങ്ങി സൂക്ഷിയ്ക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർക്ക് മൂന്നു വർഷത്തിനുള്ളിൽ ഇ.റ്റി.ഐ./ഡയറക്ടറേറ്റ് തല ട്രെയിനിങ്ങ് നിർബന്ധമാണ്.

പ്രിൻസിപ്പലിന്റെയും പ്രോഗ്രാം ഓഫീസറുടെയും പേരിലുള്ള ജോയിന്റ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് എൻ.എസ്.എസ്. പ്രവർത്തനങ്ങൾക്ക് മാത്രമായി ഉണ്ടായിരിക്കേണ്ടതാണ്. ദേശസാൽകൃത ബാങ്കിലായിരിക്കണം അക്കൗണ്ട് തുടങ്ങേണ്ടത്.

## XII CONCLUSION

സാമൂഹ്യസേവനത്തിലൂടെ വ്യക്തിത്വവികസനം എന്ന ആശയത്തിൽ അധിഷ്ഠിതമായി കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെക്കാലമായി ഹയർസെക്കന്ററി മേഖലയിൽ ഗുണപരമായ സാമൂഹ്യഇടപെടൽ നടത്തിവരികയാണ്. ഹയർസെക്കന്ററി നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ അവരുടെ കൗമാരകാലഘട്ടത്തിന്റെ ഏറ്റവും നിർണ്ണായകമായ അവസാനകാലഘട്ടത്തിലൂടെ കടന്നുപോകുന്നവരാണ്. വിദ്യാർത്ഥി വോളന്റിയർമാരെ അവരൾക്കൊള്ളുന്ന സാമൂഹ്യമേഖലയുമായി ബന്ധിപ്പിക്കുന്നത് അവരെ ഉത്തരവാദിത്വമുള്ള പൗരന്മാരായി വളർത്തുമെന്നത് നിസ്തർക്കമായ സംഗതിയാണ്. പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ ഹയർസെക്കന്ററി എൻ.എസ്.എസ്. വിദ്യാർത്ഥികൾ കൊടുത്തിട്ടുള്ള കർമ്മപദ്ധതികൾ വോളന്റിയർമാതിൽ ജനാധിപത്യമൂല്യങ്ങൾ മതേതരത്വം, സഹജീവി സ്നേഹം, സാമൂഹിക പ്രതിബദ്ധത, പ്രശ്നപരിഹാര നൈപുണി, മാനവികത തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്നതിൽ ലക്ഷ്യമിടുന്നു. വിവിധ സാമൂഹികപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വോളന്റിയർമാർ സ്വന്തം വ്യക്തിത്വം വികസിപ്പിക്കുന്നതോടൊപ്പം സൃഷ്ടിക്കുന്ന സാമൂഹിക സമ്പത്ത് വിലമതിക്കാനാകാത്തതാണ്.


Dr. Jacob John
State Programme Co-Ordinator
National Service Scheme (HSE WING)
Housing Board Building
Santhi Nagar, Thiruvananthapuram

Website : www.dhsekerala.gov.in
Email: dhsensskerala@gmail.com

**DIRECTORATE OF GENERAL EDUCATION, NATIONAL SERVICE SCHEME**
**HIGHER SECONDARY WING**
**REGIONAL PROGRAMME CONVENORS AND DISTRICT CONVENORS**

**PROGRAMME CO-ORDINATOR - DR. JACOB JOHN, HSE NSS CELL**
**DIRECTORATE OF GENERAL EDUCATION, THIRUVANANTHAPURAM**
**PH : 9495083238**

| NSS RPC and DC | Name | School Code & Name of School | Phone No |
|---|---|---|---|
| **REGIONAL PROGRAMME CONVENORS** | | | |
| 1) RPC central Region | Dr. N.Rajesh | HSST(JR) Zoology, Kundurkunnu | 9656487871 |
| 2) RPC Northern Region | Manoj Kumar Kanichikulangara | HSST, History CKNGHSS Pilicode | 9446070832 |
| 3) RPC Southern Regions | Binu P.B. | HSST, Political Science, SN HSS Chithara | 9496851181 |
| **DISTRICT PROGRAMME CONVENERS** | | | |
| 1) NSS DC Alappuzha | Ashok Kumar G. | HSST(JR) Commerce, Mahatma HSS for Boys, Chennithala | 9447787271 |
| 2) NSS DC Ernakulam (IC) | Paulose P.K. | HSST History, MEHSS Kottappady | 9446718764 |
| 3) NSS DC Idukki | Sumamol Chacko | HSST, Zoology, GHSS Kallar | 7907883845 |
| 4) NSS DC Kannur | Sreedharan Kaithapram | HSST (JR) Malayalam, Tagore Memmorial HSS Vellora | 9496835948 |
| 5)NSS DC Kasargode | Haridas V. | HSST, Physics, GHHS Vellure | 9895201937 |
| 6)NSS DC Kollam | Abhilash S.S | HSST, Physics, KNNMVHSS Pavithreshwaram | 9809982288 |
| 7)NSS DC Kottayam | Rahul R | CKMHSS Koruthode,Kottayam | 9447269959 |
| 8)NSS DC Kozhikode (N) | Sreechith S. | HSST, Economics, Palora HSS Ulliyeri, Kozhikode | 9645360364 |
| 9)NSS DC Kozhikode (S) | Faisal M.K. | HSST, Political Science, Calicut Girls HSS, Kundungal, Kozhikode | 9846942760 |
| 10)NSS DC Malappuram(E) | Suresh K.A. | HSST(JR) Commerce, St. Gemma's Girls HSS, Malappuram | 9847576979 |
| 11)NSS DC Malappuram(W) | Zachariah Poozhikal | HSST, Political Science, Govt. Rajahs HSS, Kottackal | 9446634775 |
| 12)NSS DC Palakkad | Praveen P. | HSST(JR) CAHSS Ayakkad | 9747408261 |
| 13)NSS DC Pathanamthitta | Harikumar V.S. | HSST, Political Science DBHSS Parumala | 9447009194 |
| 14)NSS DC Thiruvananthapuram | Sreeja P. | HSST(JR) RVHSS, Kilimanoor | 9562624471 |
| 15)NSS DC Thrissur | Pratheesh M.V. | HSST, Computer Science NSS VHSS, Mundathikode | 9447225966 |
| 16)NSS DC Wayanad | Syal K.S. | HSST(JR) Chemistry SKMJ HSS, Kalpatta | 9447257150 |


राष्ट्रीय सेवा योजना
NATIONAL SERVICE SCHEME